# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1432 06.03.2018-ൽ മറുപടിയ്ക്ക്.

## ബയോഡൈവേഴ്സിറ്റി രജിസ്റ്റർ

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ 885 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥലങ്ങളിൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2002 ലെ ജൈവവൈവിധ്യ നിയമം, 2008 ലെ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ എന്നിവ പ്രകാരം, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്ന ബയോഡൈവേഴ്സിറ്റി രജിസ്റ്ററിൽ, കാർഷിക ജൈവവൈവിധ്യം, വീട്ടുവളപ്പിലെ ജൈവവൈവിധ്യം, വന്യ ജൈവവൈവിധ്യം, തണ്ണീർത്തട ജൈവവൈവിധ്യം, നഗര ജൈവവൈവിധ്യം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി പ്രദേശത്തെ എല്ലാവിധ സസ്യ-ജന്തുജാലങ്ങൾ, ആവാസ വ്യവസ്ഥകൾ, ജൈവവിഭവങ്ങളുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ, അവയുടെ പ്രാദേശിക ഉപയോഗങ്ങൾ, തുടങ്ങിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ എന്തെല്ലാം തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (ബി) | തയ്യാറാക്കിക്കഴിഞ്ഞ ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകളെ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി, തയ്യാറാക്കപ്പെട്ട രജിസ്റ്ററുകളിലെ വിവരശേഖരണത്തിലെ പോരായ്മകൾ പരിഹരിച്ച്, ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനായി അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകൾ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾക്ക് ജില്ലാതലത്തിൽ ജൈവവൈവിധ്യ ബോർഡ് തുടക്കംകുറിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ബയോഡൈവേഴ്സിറ്റി രജിസ്റ്റർ നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നോ എന്ന് വിശദീകരിക്കാമോ? | (സി) | ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നത് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിലാണ്. ആയതിലേക്ക് ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ